(സി) 2015-16 വർഷത്തേയ്ക്കുള്ള ഗുണഭോക്താക്കളെ കണ്ടെത്തി എഗ്രിമെന്റ് വച്ച് ധനസഹായം നൽകുന്നുണ്ട്. ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് സംസ്ഥാനത്ത് നിന്നും നേരിട്ട് നൽകിവരുന്നു. 104.46 കോടി രൂപ 30-11-2015 വരെ ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും രണ്ടാംഗഡു തുക ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

പദ്ധതി അടങ്കൽ തുക

20 (1491) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ പദ്ധതി അടങ്കൽ തുക എത്രയാണ്;

(ബി) ഓരോ വകുപ്പും പദ്ധതിയിനത്തിൽ ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത തുക വകുപ്പുകൾക്ക് അനുവദിക്കപ്പെട്ട തുകയുടെ എത്ര ശതമാനം വരും ?

<u>ഉത്തരം</u>

(എ) 2015-16-ൽ വാർഷിക പദ്ധതികൾക്കായി സംസ്ഥാന ബഡ്ജറ്റിൽ 20,000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി&സി) 31-10-2015 വരെയുള്ള താൽക്കാലിക കണക്ക് അനുബന്ധമായി നൽകുന്നു*.

നഴ്സ് റിക്രൂട്ട്മെന്റിലെ തട്ടിപ്പ്

21 (1492) <u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലേക്കുള്ള നഴ്സസ് റിക്രൂട്ട്മെന്റിലെ തട്ടിപ്പ് തടയാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികൾ മുഖേന വിദേശ രാജ്യങ്ങളിലേക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിൽ വ്യാപകമായ ചൂഷണം ശ്രദ്ധയിൽപ്പെട്ടതിനാൽ, വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്ന ഇന്ത്യൻ നേഴ്സുമാരുടെ സുരക്ഷിതത്വം മുൻനിർത്തിയും വിദേശ രാജ്യങ്ങളിലെ തൊഴിൽ ചൂഷണവും പീഡനവും തടയുക എന്ന ഉദ്ദേശ്യത്തോടെയും ഉദ്യോഗാർത്ഥികളിൽ നിന്നും അമിതമായ നിരക്കിൽ പണം ഈടാക്കുന്ന സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികളുടെ ചൂഷണം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും 18 ഇ.സി.ആർ. രാജ്യങ്ങളിലേക്കുള്ള ഇന്ത്യൻ നഴ്സുമാരുടെ നിയമനം 31-5-2015 മുതൽ കേരള സർക്കാർ ഏജൻസികളായ നോർക്ക റൂട്ട്സ്, ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ODEPC) തമിഴ്നാട് സർക്കാർ ഏജൻസിയായ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് (OMC Ltd.), ചെന്നൈ എന്നിവർ മുഖാന്തരം മാത്രമേ അനുവദിക്കുകയുള്ളുവെന്ന് നിഷ്കർഷിച്ച് കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായി വിദേശ രാജ്യത്തെ തൊഴിലുടമ സർക്കാരിന്റെ 'ഇ മൈഗ്രേറ്റ്" (eMigrate) എന്ന ഓൺലൈൻ സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുകയും ആയത് പ്രസ്തുത രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയം പരിശോധിച്ച് അനുമതി നൽകുന്നതിനനുസരിച്ച് നിയമനം നടത്തുകയും ചെയ്യാം. കൂടാതെ ഇ.സി.ആർ. രാജ്യങ്ങളിലേക്ക് തൊഴിൽ തേടിപ്പോകുന്ന ഇന്ത്യൻ നഴ്സുമാർക്ക് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിൽ നിന്നും എമിഗ്രേഷൻ ക്ലിയറൻസും നിർബന്ധമാക്കിയിട്ടുണ്ട്.

(സി) റിക്രൂട്ട്മെന്റ് നടപടികൾ സുതാര്യമായും കാര്യക്ഷമമായും നടത്തുന്നതിന് ആവശ്യമായ എണ്ണം ജീവനക്കാരെ ഉൾപ്പെടുത്തി നോർക്ക റൂട്ട്സിൽ പ്രത്യേക റിക്രൂട്ട്മെന്റ് വിഭാഗം ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നോർക്ക വകുപ്പിന് കീഴിലുള്ള നോർക്ക റൂട്ട്സ് മുഖേന വിദേശ രാജ്യങ്ങളിലേക്കുള്ള ഇന്ത്യൻ നഴ്സുമാരുടെ നിയമനം വളരെ വിജയകരമായി നടത്തുന്നുമുണ്ട്.

1354/2017

LIBRARY ARCHIVES Kerala Legislative Assembly